പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4996 24.07.2015 ൽ മറുപടിക്ക്

# കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി എം.എൽ.എ | ശ്രീ.ഷിബു ബേബി ജോൺ<br>ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി. |
| (എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി അടച്ചു പൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും, വ്യവസായം, തൊഴിൽ, റവന്യൂ വകുപ്പു മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) കൊരട്ടി വൈഗൈ ത്രഡ്സ് അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട് ബഹു. കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള കേസ് പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചു വരവെ, ബഹു.കർണ്ണാടക ഹൈക്കോടതി 90/08 കമ്പനി പെറ്റീഷനിൽ അന്തിമവിധി പുറപ്പെടുവിച്ചു. കമ്പനി അടച്ചുപൂട്ടുന്നതിനും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയുമാണ് ബഹു.കർണ്ണാടക ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ഈ സാഹചര്യത്തിൽ കൊരട്ടി വൈഗൈ ത്രഡ്സിന്റെ വിവിധ. പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ബഹു. വ്യവസായ വകുപ്പ് മന്ത്രി, ബഹു.റവന്യൂ വകുപ്പ് മന്ത്രി, ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി, എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23.07.2015 ൽ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി)തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | സി) അടിയന്തിരമായി നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ